# അറിയിപ്പ്

നിയമസഭാ സമ്മേളന നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിനായി വിവിധ മാധ്യമങ്ങൾക്ക് കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 2021-22 കാലയളവിലേയ്ക്കായി അനുവദിച്ചിട്ടുള്ള സ്ഥിരം മാധ്യമ പാസ്സുകളുടെ കാലാവധി 2022 മേയ് 31-ന് അവസാനിക്കുന്നതിനാൽ സ്ഥിരം പാസ്സുകൾ പുതുക്കുന്നതിന് താല്പര്യമുള്ള മാധ്യമങ്ങൾ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിയമസഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട മാധ്യമ മേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ niyamasabhapressrelations@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ, മാധ്യമ പ്രതിനിധികളുടെ **'100KB'** യിൽ കുറയാത്ത സൈസിലുള്ള **'.jpeg'** ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം ലഭ്യമാക്കേണ്ടതാണ്. ഫോട്ടോ തിരിച്ചറിയുന്നതിനായി പ്രതിനിധിയുടെ പേര് നൽകി ഫയൽ നെയിം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധപുലർത്തേണ്ടതാണ്. അപേക്ഷാ ഫോറം കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും (www.niyamasabha.org) ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് **.pdf** ഫോർമാറ്റിൽ സ്കാൻ ചെയ്ത് ഇ-മെയിൽ ആയോ പാസ്പോർട്ട് സൈസ് ഫോട്ടോകൾ സഹിതം നേരിട്ടോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

പുതുക്കിയ പാസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ സ്ഥിരം മാധ്യമ പാസ്സുകൾ തിരിച്ചേല്പിക്കേണ്ടതാണ്. മാധ്യമ പ്രവർത്തകർ, അവർ പ്രവർത്തിച്ചു വരുന്ന സ്ഥാപനം അഥവാ ബ്യൂറോയിൽ നിന്നും വിടുതൽ ചെയ്യുകയോ , നിയമസഭാ റിപ്പോർട്ടിംഗ് ചുമതല ഒഴിയുകയോ ചെയ്യുന്ന സാഹചര്യത്തിൽ , അവർക്ക് അനുവദിച്ചിട്ടുള്ള സ്ഥിരം പാസ്സുകൾ സറണ്ടർ ചെയ്യുന്നതിന് ബന്ധപ്പെട്ട മാധ്യമ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ
സെക്രട്ടറി

തിരുവനന്തപുരം
24/03/2022

## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

**സ്ഥിരം മാധ്യമ പാസ്സുകൾ പുതുക്കുന്നതിനുള്ള അപേക്ഷ**

1. മാധ്യമത്തിന്റെ പേര് :
2. 2021-22 കാലയളവിൽ ലഭിച്ച ആകെ സ്ഥിരം പാസ്സുകളുടെ എണ്ണം :

**മാധ്യമ പാസ്സുകൾ പുതുക്കി ലഭിക്കേണ്ടവരുടെ വിവരങ്ങൾ**

| ക്രമ നം. | പേര് | തസ്തിക | മൊബൈൽ നമ്പർ | നിലവിലുള്ള പാസ്സ് നമ്പർ |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

ഞങ്ങളുടെ മാധ്യമത്തെ പ്രതിനിധീകരിക്കുന്ന മേൽപ്പറഞ്ഞിട്ടുള്ള ജീവനക്കാർക്ക് സ്ഥിരം മാധ്യമ പാസ്സ് 2022-24 വർഷത്തേക്ക് പുതുക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു നിയമസഭാ റിപ്പോർട്ടിംഗിൽ നിന്ന് ഇവരെ ഒഴിവാക്കുന്ന പക്ഷം പാസ്സുകൾ നിയമസഭാ സെക്രട്ടറി മുമ്പാകെ സറണ്ടർ ചെയ്യുന്നതാണ്

ഒപ്പ് :

സ്ഥലം : പേര് :

തീയതി : ഉദ്യോഗപ്പേര് :

ഔദ്യോഗിക ഇമെയിൽ :

ഓഫീസ് സീൽ

---

**ഓഫീസ് ഉപയോഗത്തിന് മാത്രം**

അപേക്ഷ സ്വീകരിച്ച തീയതി :

മാധ്യമ പാസ്സ് അനുവദിച്ച തീയതി :

അനുവദിച്ച പാസുകളുടെ എണ്ണം :

അണ്ടർ സെക്രട്ടറി